# കേരള വാട്ടർ അതോറിറ്റി

ഫോൺ : 0491-2544927
E.mail : phcirclepkd@gmail.com

സൂപ്രണ്ടിംഗ് എഞ്ചിനീയറുടെ കാര്യാലയം,
പി.എച്ച്. സർക്കിൾ,
കേരള വാട്ടർ അതോറിറ്റി, പാലക്കാട്.

നമ്പർ: No. KWA/PHC/PKD/KIIFB/ Malampuzha/Package II/17-18 തിയ്യതി : 20/10/2022

പ്രേക്ഷിതൻ
സൂപ്രണ്ടിംഗ് എഞ്ചിനീയർ

സ്വീകർത്താവ്
ടെക്നിക്കൽ മെമ്പർ
ജലഭവൻ
കേരള വാട്ടർ അതോറിറ്റി
തിരുവനന്തപുരം.

സർ,

വിഷയം: കിഫ്ബി – 17–18 – മലമ്പുഴ നിയോജക മണ്ഡലത്തിലെ പഞ്ചായത്തുകൾക്കു വേണ്ടിയുള്ള സമഗ്ര കുടിവെള്ള പദ്ധതി – ഒന്നാം ഘട്ടം – പാക്കേജ് 2 – തെക്കേ മലമ്പുഴയിൽ 3 ലക്ഷം ലിറ്റർ വാട്ടർ ടാങ്ക് നിർമ്മാണം, ക്ലീയർ വാട്ടർ പമ്പിംഗ് മെയിൻ, വിതരണലൈൻ എന്നിവ സപ്ലൈ ചെയ്ത് സ്ഥാപിക്കൽ, ക്ലിയർ വാട്ടർ പമ്പ് സെറ്റ് വിതരണം ചെയ്ത് സ്ഥാപിക്കുന്ന പ്രവൃത്തി – റിപ്പോർട്ട് സമർപ്പിക്കുന്നത് – സംബന്ധിച്ച്.

സൂചന:

1. AS No. GO(Rt)No.184/2018/WRD dt. 22.03.2018 of the WRD Thiruvananthapuram for Rs.6414 Lakh.
2. TS/2020-2021/2020/3819 Dated: 05-06-2020 for Rs.432 Lakh
3. TS/2019-2020/2019/17650 Dated: 18-02-2020 for Rs.365 Lakh
4. This office Agreement No. 12/20-21/SE/PHC/PKD dated 01.10.2020
5. This office Agreement No. 01/20-21/SE/PHC/PKD dated 19.05.2020.
6. Letter submitted to the Hon'ble WRD minister by the contractor M/s India Tech Construction,53A,XVI,PMC,Old Marthoma Church road, Perumbavoor
7. Meetings held in the chamber of Hon'ble WRD minister on 02.11.2021& 24.02.2022
8. This office letter of even no. dated 30.07.2022 addressed to the Contractor M/s. India tech Constructions, Perumbavur.
9. This office letter of even no dated 28.09.2022 addressed to the Chief Executive officer, KIIFB , Thiruvantharpuam.
10. Letter No. WRD025-21-MISC - 01 dated 09.06.2022 of the General Manager, KIIFB
11. Letter No. 191/PS/M(WR)/2022 dated 15.10.2022 of the Private Secretary to Minister of Water Resources.

മേൽ സൂചനകളിലേക്കും വിഷയത്തിലേക്കും താങ്കളുടെ ശ്രദ്ധ സാദരം ക്ഷണിച്ചുകൊള്ളുന്നു.

മലമ്പുഴ നിയോജക മണ്ഡലത്തിലെ വിവിധ പഞ്ചായത്തുകളിലെ സമഗ്ര കുടിവെള്ള പദ്ധതിയ്ക്കായി കിഫ്ബിയിൽ ഉൾപ്പെടുത്തി 6414 ലക്ഷം രൂപയുടെ ഭരണാനുമതി ലഭിച്ചു. ഇതിൻ പ്രകാരം മേൽ വിഷയത്തിലെ പ്രവൃത്തിയ്ക്കായി (പാക്കേജ് 2) 432 ലക്ഷം രൂപയുടെ സാങ്കേതികാനുകതിയും ലഭിച്ചു തുടർന്ന് M/s.ഇൻഡ്യ ടെക് കൺസ്ട്രക്ഷൻസ്, 53A/XVI, PMC, ഓൾഡ് മാർത്തോമ ചർച്ച് റോഡ്, പെരുമ്പാവൂർ എന്ന കരാർ കമ്പനി ടെണ്ടർ ചെയ്ത തുകയേക്കാൾ 8.75% ഉയർന്ന നിരക്കിൽ 4,19,33,731/- രൂപയ്ക്ക് പ്രവൃത്തി ഏറ്റെടുത്ത് എഗ്രിമെന്റ് വെച്ച് പ്രവൃത്തി ആരംഭിച്ചു.

പ്രസ്തുത പ്രവൃത്തിയിൽ വരുന്ന 3 ലക്ഷം ലിറ്റർ ഉന്നതതല ജലസംഭരണിയുടെ നിർമ്മാണ സ്ഥലത്തെ മണ്ണ് പരിശോധന നടത്തി റിപ്പോർട്ട് കരാറുകാരൻ സമർപ്പിച്ചു. പ്രസ്തുത റിപ്പോർട്ട് പ്രകാരം നിർദ്ദിഷ്ട വാട്ടർ ടാങ്കിന്റെ ഫൗണ്ടേഷൻ പൈൽ ഫൗണ്ടേഷൻ വേണമെന്ന് നിർദ്ദേശിച്ചിരുന്നു. കൂടാതെ കരാറുകാരൻ പ്രസ്തുത പ്രവൃത്തിയുടെ എസ്റ്റിമേറ്റിൽ പൈൽ ഫൗണ്ടേഷൻ ഉൾപ്പെടാത്തതിനാൽ പ്രവൃത്തി ഏറ്റെടുത്ത് മുന്നോട്ടു പോകുവാൻ പൈൽ ഫൗണ്ടേഷനു വരുന്ന അധിക തുക നൽകണമെന്ന ആവശ്യമുന്നയിച്ചു. ടെണ്ടറിൽ പങ്കെടുക്കുന്നതിനു മുൻപ് സ്ഥലത്തെ കുറിച്ച് അന്വേഷണം നടത്താൻ കരാറുകാരൻ ബാധ്യസ്ഥനാണെന്നും കരാർ അന്തിമമായി കഴിഞ്ഞാൽ ഏതെങ്കിൽ വ്യതിയാനത്തിന്റെ പേരിൽ അധിക തുക നൽകുന്നതിന് അതോറിറ്റി ഒരു തരത്തിലും ബാധ്യസ്ഥരല്ലെന്ന് കെ.ഡബ്ല്യു.എ നിലപാട് സ്വീകരിച്ചു.

പ്രസ്തുത വിഷയം ഉന്നയിച്ച് കരാറുകാരൻ ബഹു: ജലവിഭവ വകുപ്പ് മന്ത്രിയ്ക്ക് 21.10.2021 ന് കത്ത് നൽകി. ഇതിന്റെ അടിസ്ഥാനത്തിൽ സൂചന (7) പ്രകാരം ബഹു: മന്ത്രിയുടെ ചേമ്പറിൽ ചേർന്ന യോഗത്തിൽ പ്രസ്തുത വിഷയം വിശദമായി ചർച്ച ചെയ്യുകയും പൈൽ ഫൗണ്ടേഷൻ ഉൾപ്പെടുത്തി എസ്റ്റിമേറ്റ് പരിഷ്ക്കരിക്കുവാൻ തീരുമാനിക്കുകയും ചെയ്തു. ഇതിൻ പ്രകാരം പുതുക്കിയ എസ്റ്റിമേറ്റിന്റെ സാങ്കേതികാനുമതി ചീഫ് എഞ്ചിനീയർ, ഉത്തര മേഖല, കോഴിക്കോടിൽ നിന്നും ലഭിച്ചു. തുടർന്ന് സൂചന (8) പ്രകാരം കരാറുകാരനോട് പ്രവൃത്തി പുനരാരംഭിക്കുവാൻ നിർദ്ദേശിച്ചു. എന്നാൽ പ്രസ്തുത നിർദ്ദേശം കരാറുകാരൻ നിരസിക്കുകയും പുതുക്കിയ എസ്റ്റിമേറ്റ് നിലവിലുള്ള നിരക്ക് പ്രകാരം വേണമെന്നും ആവശ്യമുന്നയിച്ചു. ഇതിന്റെ അടിസ്ഥാനത്തിൽ സൂചന (9) പ്രകാരം പ്രസ്തുത പ്രവൃത്തി കരാറുകാരന്റെ ഉത്തരവാദിത്വത്തിൽ പുന:ക്രമീകരിക്കുവാൻ നടപടി സ്വീകരിക്കുന്നതിന് മുന്നോടിയായി കിഫ്ബി അധികൃതരുടെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്.

മറ്റൊരു പ്രവൃത്തിയായ (പാക്കേജ് 4) മുണ്ടൂർ, പുതുപ്പരിയാരം ഗ്രാമപഞ്ചായത്തുകളിലെ എൻ.എച്ച് റോഡിൽ വിതരണശൃംഖല സ്ഥാപിക്കുന്ന പ്രവൃത്തിയായി ക്രമീകരിച്ചിരുന്നു. ഈ പ്രവൃത്തി ടെണ്ടർ ചെയ്ത തുകയോക്കാള 8% താഴ്ന്ന നിരക്കിൽ 2,99,14,274/– രൂപയ്ക്ക് കരാറുകാരൻ ശ്രീ. ജോർജ്ജ് മാർട്ടിൻ ജോസ്,

കേളകത്ത്, ഓൾഡ് മാർത്തോമ ചർച്ച് റോഡ്, പെരുമ്പാവൂർ–683 542 ഏറ്റെടുത്ത് എഗ്രിമെന്റ് ഒപ്പ് വെച്ചു.

ദേശീയപാതയുടെ റോഡ് പണി പുരോഗമിക്കുന്നതിനാൽ ദേശീയപാത അധികൃതരിൽ നിന്നും റോഡ് കട്ടിംഗ് അനുമതി ലഭിക്കാൻ കാലതാമസം നേരിട്ടു. പിന്നീട് അനുമതി ലഭിച്ച മുറയ്ക്ക് അടിയന്തിരമായി പ്രവൃത്തി പുനരാരംഭിക്കുവാൻ കരാറുകാരന് നിർദ്ദേശം നൽകുകയും ചെയ്തു. നിർഭാഗ്യവശാൽ കരാറുകാരന് പ്രവൃത്തി തുടരാൻ വിസമ്മതിച്ചു. പൈപ്പിന്റെയും മറ്റും വില വർദ്ധനവ് ചൂണ്ടിക്കാട്ടി നിരക്ക് വർദ്ധിപ്പിക്കണമെന്ന് ആവശ്യപ്പെട്ട് കരാറുകാരൻ ബഹു: ജലവിഭവ വകുപ്പ് മന്ത്രിക്ക് നിവേദനം നൽകിയിരുന്നു. പ്രസ്തുത വിഷയവും മന്ത്രിയുടെ ചേമ്പറിൽ ചേർന്ന യോഗത്തിൽ വിശദമായി ചർച്ച ചെയ്യുകയും കിഫ്ബിയുടെ മുൻകൂർ അനുമതിയോടുകൂടി വിലക്കയറ്റം മൂലമുള്ള വിലവർദ്ധനവ് നൽകുവാനുള്ള സാധ്യതകൾ പരിശോധിക്കുവാൻ നിർദ്ദേശിച്ചു. ഇതിൻ പ്രകാരം എക്സിക്യൂട്ടീവ് എഞ്ചിനീയർ, പ്രൊജക്ട് ഡിവിഷൻ, ചിറ്റൂർ അവശേഷിക്കുന്ന പ്രവൃത്തികൾക്കായി നിലവിലെ ഡി.എസ്.ആർ 2018 അടിസ്ഥാനമായി എസ്റ്റിമേറ്റ് തയ്യാറാക്കുകയും ഉചിതമാർഗേണ പ്രസ്തുത എസ്റ്റിമേറ്റ് കിഫ്ബിയിൽ സമർപ്പിച്ചു. ഇതിന് മറുപടിയായി കിഫ്ബി അധികൃതർ ബാക്കിയുള്ള പ്രവൃത്തികളുടെ എസ്റ്റിമേറ്റ് സംബന്ധിച്ച് വില വർദ്ധനവ് നൽകുവാൻ സാധ്യമല്ലെന്നും നിലവിലെ എഗ്രിമെന്റ് അടിസ്ഥാനത്തിൽ കരാറുകാരനോട് പ്രവൃത്തി പുനരാരംഭിക്കുവാൻ ആവശ്യപ്പെടാനും അല്ലാത്ത പക്ഷം കരാറുകാരന്റെ ഉത്തരവാദിത്വത്തിൽ അവശേഷിക്കുന്ന പ്രവൃത്തി പുന:ക്രമീകരിക്കുവാനും സൂചന (10) പ്രകാരം കിഫ്ബി നിർദ്ദേശിച്ചു. അതിന്റെ അടിസ്ഥാനത്തിൽ ഈ പ്രവൃത്തി കരാറുകാരന്റെ ഉത്തരവാദിത്വത്തിൽ പുന:ക്രമീകരിക്കുന്നതിനുള്ള നടപടിക്രമം ഈ ഓഫീസിൽ തയ്യാറാക്കിയിട്ടുണ്ട്. എന്നാൽ 26.10.2022 ന് ബഹു: ജലവിഭവ വകുപ്പ് മന്ത്രിയുടെ സാന്നിദ്ധ്യത്തിൽ കൂടുന്ന യോഗത്തിൽ പ്രസ്തുത വിഷയം കൂടി ഉള്ളതിനാൽ യോഗതീരുമാനത്തിനുശേഷം നടപടി എടുക്കുന്നതാണ്. പ്രസ്തുത വിഷയങ്ങൾ അങ്ങയുടെ അറിവിലേക്കായി സമർപ്പിക്കുന്നു.

വിശ്വസ്തതയോടെ,

സൂപ്രണ്ടിംഗ് എഞ്ചിനീയർ